# എന്നാലും ബ്രിട്ടീഷുകാർ മാന്യന്മാരായിരുന്നു

ഇന്ത്യക്കാരുടെ ക്രൂരതക്കുദാഹരണമായി പലപ്പോഴും കൽക്കത്തയിലെ 'തമോദ്വാരം' വെള്ളക്കാർ ചൂണ്ടിക്കാണിക്കാറുണ്ട്. അവർ ഭരിച്ചിരുന്ന കാലത്ത് ഈ കഥ ചരിത്രപുസ്തകങ്ങളിലുണ്ടായിരുന്നു. ഇന്ത്യൻ കുട്ടികൾ അത് പഠിക്കണമായിരുന്നു. 1756ൽ സിറാജ ദൗല വില്യം കോട്ട ആക്രമിച്ചപ്പോൾ 14 അടി വീതിയും 18 അടി നീളവുമുള്ള ഒരു മുറിയിൽ 146 പേരെ ഒരു രാത്രി മുഴുവൻ അടച്ചിട്ടു എന്നാണാരോപണം. 23 പേർ ബാക്കിയായത്രെ. അതിലൊരാളാണ് ജെ.സെഡ്. ഹോൾവെൽ എന്നയാൾ അവകാശപ്പെടുന്നു. സംഭവം കഴിഞ്ഞു ഒരു കൊല്ലത്തിനുശേഷം അയാളതിനെക്കുറിച്ചെഴുതി. പക്ഷേ രക്ഷപ്പെട്ട മറ്റൊരാളും ഇന്ത്യക്കാരനോ വെള്ളക്കാരനോ ഒരക്ഷരം പറഞ്ഞിട്ടില്ല. അതാതു കാലങ്ങളിൽ ഈസ്റ്റിന്ത്യാ കമ്പനി ഇംഗ്ലണ്ടിലേക്കയക്കുന്ന റിപ്പോർട്ടുകളിലെങ്ങും ഈ 'തമോദ്വാര'ത്തെക്കുറിച്ച് പരാമർശം പോലുമില്ല. തീർച്ചയായും ഇത് ഹോൾവെലിന്റെ സങ്കല്പസൃഷ്ടിയായിരുന്നു.

*ഇന്ത്യൻകൂലികളുടെ ചീത്ത പെരുമാറ്റത്തെക്കുറിച്ചാണ് മറ്റൊരാവലാതി. "റെയിൽവേ കരാറുകാരനായ ഇയാൻ ജെ. കേറ്റർ വിവരിക്കുന്നു. തൊഴിലാളികൾക്ക് പണമേ വേണ്ട. അറുമടിയന്മാർ. റെയിൽവേ തൊഴിലിനുപോയാൽ അവർക്ക് ദിവസവും നല്ല കൂലി കിട്ടും. ജോലി വളരെ അടുത്തുതന്നെ ആണുതാനും. എന്നിട്ടും ഞങ്ങൾ അവരെ ബലം പ്രയോഗിച്ച് ആട്ടിത്തെളിച്ച് കൊണ്ടുവരേണ്ടിവന്നു.". പക്ഷെ ഈ കരാറുകാരൻ ഓർക്കാത്ത ഒരു കാര്യമുണ്ട്. ഗ്രാമീണന് സ്വന്തം കുടുംബത്തെ നോക്കണം. തിന്നാനാവശ്യമായത് കൃഷി ചെയ്യണം തുടങ്ങി കുറെ സുപ്രധാന ജോലികൾ ചെയ്യാനുണ്ട്.

ഒരിന്ത്യൻ 'കൂലിക്ക്' വെള്ളക്കാരന്റെ കയ്യിൽ നിന്നും കിട്ടുന്നതിനെക്കുറിച്ച് അറിഞ്ഞാൽ അവരിങ്ങിനെ പെരുമാറിയതിൽ ഒരത്ഭുതവും തോന്നില്ല. കേറ്റർ തന്നെ പറയുന്നത് നോക്കൂ. "ഇന്ത്യക്കാർക്കെതിരെ ചെറിയ മർദ്ദനങ്ങളും മറ്റു പീഡനങ്ങളും വ്യാപകമായിരുന്നു. താഴെക്കിടയിലുള്ള യൂറോപ്യന്മാരാണ് അത് ചെയ്തത്. തൊഴിലാളികൾക്കുള്ള സൗകര്യങ്ങളുടെ കാര്യം അറുവഷളായിരുന്നു. അവരോടുള്ള സമീപനം നിസ്സംശയമായും ലജ്ജാകരമായിരുന്നു. എന്നിട്ടും ഒരു പൊട്ടിത്തെറിയുണ്ടാവാത്തതെന്തുകൊണ്ടാണെന്ന് ഞാൻ അത്ഭുതപ്പെടുന്നു" എന്നാണൊരുന്നത ബ്രിട്ടീഷുദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടത്. അവരോടുള്ള ഏറ്റവും ചീത്തയായ പെരുമാറ്റം കൂലിയുടെ കാര്യത്തിൽ തന്നെയായിരുന്നു. കൂലി കൊടുക്കാത്തതുകൊണ്ടു മാത്രമാണ് 12,000 വരുന്ന വിദഗ്ധരും മറ്റു തൊഴിലാളികളും സിന്ധിൽ പണിമുടക്കിയത്. കരാറുകാരനായ എഡ്വിൻ ബ്രെ കൂലി കൊടുക്കാതെ ഇംഗ്ലണ്ടിലേക്ക് കപ്പൽ കയറി. "12,000 തൊഴിലാളികളുടെ കൂലിയുമായിട്ടായിരിക്കുമല്ലോ".

വെള്ളക്കാരോടുള്ള അതേ പെരുമാറ്റമാണ് ഇന്ത്യക്കാരോടുമെന്ന് ബ്രിട്ടീഷുകാർ അവകാശപ്പെടാറുണ്ട്. വെള്ളക്കാർ നീലം കൃഷിക്കാരെ കൊല്ലുകയെന്നത് വളരെ സാധാരണമാണ്. പക്ഷെ ആ കുറ്റത്തിന് ഒരൊറ്റ വെള്ളക്കാരനേയും ശിക്ഷിച്ചിട്ടില്ല. 1870ൽ ബ്രിട്ടീഷുകാരായ ജഡ്ജിമാർ മോഷ്ടാക്കളേയും അലഞ്ഞുനടക്കുന്നവരേയും പിടികൂടിയാൽ തിരണ്ടിവാൽ കൊണ്ട് അമ്പത് അടി കൊടുക്കാൻ വിധിച്ചിരുന്നു. ഇതേ ശിക്ഷ വെള്ളക്കാർക്കായിരുന്നുവെങ്കിൽ ബഹളമെന്തായിരിക്കുമെന്നോ?

ഒരു വണ്ടിയും കുതിരയും ഉപയോഗിക്കുന്നതിന് ഉടമ കൊടുക്കേണ്ട വാർഷികനികുതി 200 രൂപയായിരുന്നു - ബോംബെയിൽ 100 കൊല്ലം മുമ്പാണേ - പക്ഷെ ഗ്രേറ്റ് ഇന്ത്യൻ പെനിൻസുലാർ റെയിൽവേ കമ്പനിയുടെ ബോംബെ ആസ്ഥാനം ലൈസൻസിന് കൊടുത്തിരുന്നതും അതേ തുക തന്നെ! കമ്പനിയുടെ മൂലധനമെത്രയെന്നോ? രണ്ടരക്കോടി പവൻ! സമത്വം ദീക്ഷിക്കുന്നതിലെ അപാകതകൾ വേറെയുമുണ്ടായിരുന്നു. മദിരാശിയിൽ ഇതേ ലൈസൻസ് നികുതി 500 ക. യും കൽക്കത്തയിൽ 800 ക.യുമായിരുന്നു.

വിനിൻ പെരേര രചിച്ച
The Other Side of History
എന്ന ഗ്രന്ഥത്തിന്റെ പരിഭാഷയുടെ
മൂന്നാം ഭാഗം.
വിവർത്തകൻ: കെ.വി.ശിപ്രസാദ്.

## ചരിത്രത്തിന്റെ മറുപുറം

1915ൽ ബോംബെയിൽ തന്റെ ഭൂമി സർക്കാരിന് വിട്ടുകൊടുക്കണമെന്ന് **ഒരു വിധവയ്ക്ക് നോട്ടീസ് കിട്ടി. ബ്രിട്ടീഷ് സർക്കാർ നടപ്പിലാക്കിയ നിയമപ്രകാരം തന്നെ അത് നിയമവിരുദ്ധമായിരുന്നു. വിധവയുടെ യുവതിയായ മകൾ ഉത്തരവാദപ്പെട്ട ബ്രിട്ടീഷുദ്യോഗസ്ഥനെ കണ്ടു. അദ്ദേഹം പറഞ്ഞതെന്തെന്നോ? 'താൻ വിചാരിച്ചാൽ സർക്കാർ തന്നെ വളയും'. വെള്ളക്കാരന്റെ നീതിബോധത്തിൽ വിശ്വാസമുണ്ടായിരുന്ന ആ പെൺകുട്ടി പിന്നെ ഒന്നും ചെയ്തില്ല. ഭൂമി ഏറ്റെടുക്കൽ തികച്ചും നിയമവിരുദ്ധമാണല്ലോ. ഭൂമി ഉടനെ കൈമാറണമെന്ന അടുത്ത നോട്ടീസെത്തി. അവൾ ഉടനെ വക്കീലിനെക്കണ്ട് ഭൂമിയേറ്റെടുക്കലിലെ അനീതികളും തന്റെ പ്രയാസങ്ങളും വിവരിച്ചുകൊണ്ട് ഒരു ഹരജി തയ്യാറാക്കി അയച്ചു. ഭൂമി ഏറ്റെടുക്കലുപേക്ഷിക്കാനാവശ്യപ്പെട്ടു. ഏറെക്കഴിയുംമുമ്പ് ഒരു മധ്യവർത്തി അവളെ സമീപിച്ചു. സർക്കാർ സ്വന്തം തീരുമാനങ്ങളിൽ നിന്നൊരിക്കലും പിറകോട്ടുപോകില്ലെന്നറിയിച്ചു. അതിന് ഒറ്റ വഴിയേയുള്ളൂ. ഭൂമി സർക്കാരിന് വിട്ടുകൊടുത്തുകൊണ്ട് ഒത്തുതീർപ്പിലെത്തുക. ഒത്തുതീർപ്പിലെത്തുകയേ അവൾക്ക് വഴിയുണ്ടായിരുന്നുള്ളൂ. "നിയമവിരുദ്ധമായ ഭൂമിയേറ്റെടുക്കലെന്ന ഒരന്യായം ഇതിൽത്തന്നെയുണ്ട്. കൈക്കൂലി വാങ്ങാനുള്ള തന്ത്രങ്ങളുണ്ട്. ബലം പ്രയോഗിച്ച് ഒത്തുതീർപ്പിലെത്താൻ നിർബ്ബന്ധിക്കുന്നുണ്ട്." പക്ഷെ ബ്രിട്ടീഷുകാർ ഒരിക്കലും അനീതി ചെയ്യാറില്ലല്ലോ.

ബോംബെയിലെ പഴയ നിവാസികൾ ഗവർണ്ണറായിരുന്ന ക്രോഫോഫോർഡിനെ മറക്കാനിടയില്ല. ഇദ്ദേഹമാണല്ലോ കാലാവധിയായി ജോലി മതിയാക്കി പോകുമ്പോൾ പട്ടണത്തിൽ നിന്നും രക്ഷപ്പെടാൻ പിൻവാതിലുപയോഗിച്ചത്. അത്രയധികം പേർക്ക് അത്രയേറെ പണം അദ്ദേഹം കൊടുക്കാനുണ്ടായിരുന്നു. എന്നാൽ കൊടുക്കാനുദ്ദേശിച്ചുമില്ല. യാത്രയയപ്പിനൊരുങ്ങി പരിചാരകവൃന്ദം തുറമുഖത്തുകാത്തുനിൽക്കേ ഈ മഹാൻ ഒരു ചെറുതോണിയിൽ കയറി അകലെ നിൽക്കുന്ന കപ്പലിലെത്തി രക്ഷപ്പെട്ടത്രേ.

ഏറെ മടിയോടെയാണെങ്കിലും ബ്രിട്ടീഷുകാർ നമുക്ക് സ്വാതന്ത്ര്യം തന്നു. അതിനുമുമ്പ് ഒരമ്പതുകൊല്ലത്തിലേറെക്കാലം നാം അവരുമായി നിരന്തരപോരാട്ടത്തിലായിരുന്നു. കഠിനമർദ്ദനം നടന്നിരുന്ന കാലത്ത് ബ്രിട്ടീഷുകാരെ ഏറ്റവും രസിപ്പിച്ചിരുന്ന കാഴ്ച ബോംബെയിലെ മൈതാനങ്ങളിൽ നടത്തിയിരുന്നു. സ്വാതന്ത്ര്യസമരസേനാനികളെ പീരങ്കിക്കുഴലുകൾക്ക് മുന്നിൽ നിർത്തി ജീവനോടെ പൊട്ടിച്ചിതറുന്നത് കാണുക.

ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോകാൻ വൈകിയതെന്തുകൊണ്ടാണ്? ഒരു കുറ്റ സമ്മതമെന്ന നിലയിൽ റവ: ആപ്പുൺ പറയുന്നു, "1939 മുതൽ 45 വരെ അവസാനത്തെ ലോകമഹായുദ്ധം നടക്കുകയായിരുന്നു.' ഈ മഹാമാന്യൻ ഒരു കാര്യം മനസ്സിലാക്കുന്നതേയില്ല. കൊളോണിയലിസം അധർമ്മത്തിലധിഷ്ഠിതമാണ്. ഉടമ ആരായാലെന്താ? ഇനി അനീതിയിൽ അല്പം കുറവുണ്ടായാൽ തന്നെ കൊളോണിയലിസത്തിന് എന്ത് ന്യായീകരണമാണുള്ളത്? മാത്രമല്ല, ഇന്ത്യയെ ബ്രിട്ടീഷുകാർക്ക് കോളനിയാക്കിവെയ്ക്കാമെന്നും ജപ്പാന് അത് പാടില്ലെന്നും പറയുന്നതിലെ യുക്തി അദ്ദേഹം വിശദീകരിക്കുന്നുമില്ല. കൊളോണിയലിസം ന്യായമാണെങ്കിൽ ബ്രിട്ടനെ കയ്യടക്കാൻ എന്തുകൊണ്ടനുവദിച്ചുകൂടാ? സ്വന്തം മഹത്വത്തെക്കുറിച്ച് ബ്രിട്ടീഷുകാർ തന്നെ ഉണ്ടാക്കിയ ധാരണ ഉപയോഗിച്ചാണല്ലോ മറ്റുള്ളവരെ കീഴടക്കിയതിനെ അവർ ന്യായീകരിക്കുന്നത്. അതേ തത്വം തന്നെയാണ് ഹിറ്റ്ലറും പറയുന്നത്. അതല്ല, ഈ രണ്ടു തരം മൂല്യങ്ങൾ നിലനിർത്തത്തക്കവണ്ണം ദൈവികമായ തിരുവരുളപ്പാടും ബ്രിട്ടീഷുകാർക്ക് മാത്രമായി കിട്ടിയിട്ടുണ്ടോ?

ബ്രിട്ടീഷുകാർ തങ്ങളുടെ എല്ലാ കൊടുംപാതകങ്ങളേയും മൂല്യങ്ങളുടെ കട്ടിയേറിയ വെളിയടികൊണ്ട് മറച്ചുവെച്ചു. ഇങ്ങനെ അനീതികളെ ചായംതേച്ച് തിളക്കമുള്ളതാക്കാൻ അവരുപയോഗിച്ച തന്ത്രം സ്വാർത്ഥതകളെ നിയമമാക്കുകയെന്നതു തന്നെ. അനീതിയുടെ തിളക്കമുള്ള ഇത്തരം നിയമങ്ങൾ നടപ്പിലാക്കത്തക്ക ഒരു ഭരണയന്ത്രം അവരിവിടെ സ്ഥാപിച്ചു. വ്യവസ്ഥാപിതമായ ആ ഭരണയന്ത്രത്തിലൂടെ കടന്നുവരുന്നതോടെ ഏതനീതിയും നീതിയായി തോന്നുമായിരുന്നു. ഓർവെൽ നൂറ്റാണ്ടുകൾക്കുമുമ്പ് തുടങ്ങിവെച്ച വാക്കുകളെ ദുർവ്യാഖ്യാനം ചെയ്യുകയെന്ന തന്ത്രം നന്നായി ഉപയോഗിച്ചു. 'പരമാധികാരം' അവരൊരിക്കലും നിർവ്വചിച്ചില്ല. അതിനാലാണ് ചൂഷണത്തിനുപയോഗിച്ചും "അവകാശങ്ങൾ" സൗജന്യങ്ങളായി. സൗജന്യങ്ങൾ എപ്പോൾ വേണമെങ്കിലും നിഷേധിക്കാമല്ലോ. അവകാശങ്ങൾ അങ്ങനെ പറ്റുമോ? കൈക്കൂലികൾ 'കമ്മീഷൻ'കളായി. അതോടെ അഴിമതി ഇല്ലാതെയുമായി. അങ്ങിനെ വെള്ളക്കാരൻ അഴിമതിരഹിതനുമായി.

പണ്ട് വെള്ളക്കാരൻ ചെയ്തതൊക്കെ ഇന്ന് നഗരങ്ങളിലേയും ഗ്രാമങ്ങളിലേയും അഭ്യസ്തവിദ്യർ അനീതിയിലധിഷ്ഠിതമായ അധികാരസ്ഥാനങ്ങളിലിരുന്നുകൊണ്ട് ചെയ്യുന്നു.

*വിദ്യാഭ്യാസത്തിലൂടെ വിവേചനം നശിച്ചിട്ടില്ലാത്ത ഒരു നിമാഡി - നർമ്മദാതീരത്ത് - ചോദിക്കുന്നു. 'കാശ് തിന്നാൻ പറ്റുമോ?' ധാരാളം കാശുകിട്ടിയാൽ പദ്ധതിപ്രദേശത്തു നിന്നും ഒഴിഞ്ഞുപോയ്ക്കൂടേ എന്നതാണ് ചോദ്യം. - പരിഭാഷകൻ.

**ബോംബെയിൽ ബാന്ദ്രയിൽ അമീലിയ ഫ്ളോറപിന്റോ എന്ന സ്ത്രീ 1200 ച. അടി വരുന്ന ഒരു ഫ്ളാറ്റ് ഹിന്ദുസ്ഥാൻ ലിവറിന് വാടകയ്ക്കു കൊടുത്തിരുന്നു. മകനെ ആശ്രയിച്ചു ജീവിക്കാൻ മടിച്ച ആ സ്ത്രീ ഫ്ളാറ്റ് തിരിച്ചുചോദിച്ചു. അന്താരാഷ്ട്ര കമ്പനി കൊടുത്തില്ല. പ്രശ്നം കോടതിയിലെത്തി. വലിച്ചുനീട്ടി നീട്ടി നീതിപീഠം അതിന്റെ രീതി കാണിച്ചു. അവസാനം 1984ൽ സ്വന്തം ഫ്ളാറ്റ് കിട്ടാതെ തന്നെ അവർ മരിച്ചു. (ശേഷം അടുത്ത ലക്കത്തിൽ)